# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 134

30-09-2016 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി.സത്യൻ :<br>ശ്രീ. ഡി.കെ.മുരളി :<br>ശ്രീമതി. വീണാ ജോർജ്ജ് :<br>ശ്രീ. ആർ.രാജേഷ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം പദ്ധതിക്ക് എല്ലാ അനുമതികളും ലഭിച്ച സാഹചര്യത്തിൽ പദ്ധതി പ്രവർത്തനം രൂപരേഖ പ്രകാരം സമയബന്ധിതമായി നടക്കുന്നുവെന്ന് ഉറപ്പു വരുത്തുവാൻ സംവിധാനമുണ്ടോ ; | (എ) പദ്ധതിയുടെ സമയബന്ധിതമായ നടത്തിപ്പിന് കൺസഷൻ കരാർ അനുശാസിക്കുന്ന എല്ലാ നടപടികളും സർക്കാരും സർക്കാരിന്റെ നിർവ്വഹണ എജൻസിയായ വിഴിഞ്ഞം തുറമുഖ കമ്പനിയും കൈകൊള്ളുന്നുണ്ട്. കൺസഷണൻ കരാർ നിഷ്കർഷിക്കുന്നത് പ്രകാരം പദ്ധതിയുടെ സമയബന്ധിതമായ നിർമ്മാണച്ചുമതല കൺസഷണയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡിനാണ്. ഇത് ഉറപ്പുവരുത്തുന്നതിനായി കൺസഷൻ കരാറിൽ നാല് നിർമ്മാണ നാഴികക്കല്ലുകൾ നിഷ്കർഷിച്ചിട്ടുണ്ട്(Milestones). ഇതിന്റെ മേൽനോട്ടത്തിനായി ഒരു സ്വതന്ത്ര എജൻസിയായ (Independent Engineer) STUP Consultants Private Limited നെ പദ്ധതി കരാർ പ്രകാരമുള്ള ഒരു ടെണ്ടർ പ്രക്രിയയിലൂടെ തിരഞ്ഞെടുത്തിട്ടുണ്ട്.<br>പദ്ധതിയുടെ സുഗമമായ നടത്തിപ്പിനു വേണ്ടിയുള്ള തീരുമാനങ്ങൾ കൈകൊള്ളുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായ ഒരു Empowered Committee യും ഒരു Project Implementation Committee യും രൂപീകരിച്ച് പ്രവർത്തിക്കുന്നു. |
| (ബി) മറ്റ് പദ്ധതികളുടെ സാമീപ്യം എന്ന കാര്യം ഉയർത്തി ഈ പദ്ധതിക്ക് അംഗീകാരം വൈകിക്കാനായി, വളരെയടുത്തുള്ള കുളച്ചലിൽ പുതിയ തുറമുഖത്തിന് കേന്ദ്ര സർക്കാർ അംഗീകാരം | (ബി) 2016 ജൂലൈ 5-ാം തീയതി കേന്ദ്ര സർക്കാറിന്റെ പ്രസ് ഇൻഫർമേഷൻ ബ്യൂറോ പുറത്തിറക്കിയ കേന്ദ്രമന്ത്രി സഭ തീരുമാനം വിശദമാക്കിയിട്ടുള്ള കുറിപ്പ് പ്രകാരം കുളച്ചലിന് അടുത്തുള്ള ഇനയം തുറമുഖ പദ്ധതിക്ക് കേന്ദ്ര മന്ത്രി സഭയുടെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചതായി മനസ്സിലാക്കുന്നു. കുളച്ചൽ ഒരു കേന്ദ്ര പദ്ധതിയായി വികസിപ്പിക്കുമ്പോൾ വിഴിഞ്ഞം ഒരു സംസ്ഥാന പദ്ധതിയാണ്. വിഴിഞ്ഞം തുറമുഖത്തിന് കേന്ദ്ര സർക്കാരിൽ നിന്ന് ആവശ്യമായുള്ള അനുമതി |

| | | | |
|---|---|---|---|
| | നൽകിയത് രാഷ്ട്രീയപരമോ കേന്ദ്ര അവഗണനയുടെ ഭാഗമായോ ആണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | | കളും അംഗീകാരങ്ങളുമായ, കേന്ദ്ര പരിസ്ഥിതി മന്ത്രാലായത്തിന്റെ പരിസ്ഥിതി അനുമതി, കേന്ദ്ര ധനമന്ത്രാലായത്തിന്റെ തത്വത്തിലുള്ള വൈയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് (വി ജി എഫ്) അനുമതി എന്നിവ ലഭിച്ചുകഴിഞ്ഞു. കുളച്ചൽ തുറമുഖത്തിന് കേന്ദ്ര സർക്കാരിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിക്കുന്നതിന് മുമ്പ് തന്നെയാണ് ഇത് ലഭിച്ചത്. പ്രധാനപ്പെട്ട അനുമതികൾ പദ്ധതിക്ക് ലഭിച്ചുകഴിഞ്ഞതിനാൽ മറ്റു പദ്ധതികളുടെ സാമീപ്യം എന്ന കാര്യം ഉയർത്തി ഈ പദ്ധതിക്ക് അംഗീകാരം വൈകിക്കാനാണോ എന്ന് പരിശോധിച്ചിട്ടില്ല; |
| (സി) | പദ്ധതിയുടെ ഭാഗമായി സർക്കാർ ചെയ്യേണ്ട പുനരധിവാസം ഉൾപ്പടെയുള്ള കാര്യങ്ങൾ സമയബന്ധിതമായി ചെയ്യുന്നുണ്ടോ ; വിശദാംശം അറിയിക്കാമോ ? | (സി) | വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഭാഗമായുള്ള പുനരധിവാസപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി വരുന്നു. ഭൂമിയും വീടും നഷ്ടപ്പെട്ട 82 കുടുംബങ്ങളെ പുനരധിവസിപ്പിച്ച് കഴിഞ്ഞു.<br>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ നിർമ്മാണം മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടാവുന്ന മത്സ്യതൊഴിലാളികളെ കണ്ടെത്തി നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനായി തിരുവനന്തപുരം ആർ.ഡി.ഓ ചെയർമാനായ ഒരു ഉപജീവനാഘാത നിർണ്ണയസമിതി (Livelihood Impact Appraisal Committee-LIAC) യും തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായ മറ്റൊരു അഞ്ചംഗ അപ്പീൽ സമിതിയും 2015 ജൂലൈ 20-ാം തീയതി G.O(Rt)577/2015 F&PD ഉത്തരവ് മുഖാന്തിരം രൂപീകരിച്ചു.<br>LIAC തയ്യാറാക്കിയ റിപ്പോർട്ട് 17.09.2015 ലെ G.O(Rt).772/2015 F&PD ഉത്തരവ് പ്രകാരം പ്രസിദ്ധീകരിക്കുകയും ഇത് സംബന്ധിച്ച പരാതികൾ അപ്പീൽ കമ്മറ്റി മുൻപാകെ സമർപ്പിക്കുന്നതിന് അവസരം നൽകുകയുണ്ടായി. ഇതിൽമേൽ ലഭിച്ച 18000 ത്തിൽ പരം പരാതികൾ മത്സ്യബന്ധന ഗ്രാമങ്ങളുടെയും മത്സ്യബന്ധന രീതികളുടെയും അടിസ്ഥാനത്തിൽ തരം തിരിക്കാനും തീർപ്പാക്കാനും തീരുമാനിച്ചു. ചിപ്പി- ലോബ്സ്റ്റർ മത്സ്യബന്ധനം, കരമടി മത്സ്യബന്ധനം, റിസോർട്ട് തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ എന്നിവരാണ് ആദ്യഘട്ടത്തിൽ ബാധിക്കപ്പെടുന്നത് എന്നതിനാൽ അവരുടെ നിജസ്ഥിതി കണ്ടെത്തുന്നതിനായി സ്ഥലപരിശോധനയും രേഖാപരിശോധനയും ജില്ലാകള്ടറുടെ നേതൃത്വത്തിൽ നടത്തുവാൻ തീരുമാനിച്ചു. മത്സ്യതൊഴിലാളികളുടെ പരിശോധനക്കായി മത്സ്യബന്ധന വകുപ്പിലെ ഫീൽഡ് ഓഫീസർമാർ ഉൾപ്പെടുന്ന സബ് കമ്മിറ്റിയും, റിസോർട്ട് തൊഴിലാളികൾ, |

ചെറുകിട കച്ചവടക്കാർ എന്നിവരുടെ പരിശോധനക്കായി തിരുവനന്തപുരം ജില്ലാ ലേബർഓഫീസറെയും ചുമതലപ്പെടുത്തി.

**മത്സ്യതൊഴിലാളികളുടെ പുനരധിവാസം**

പദ്ധതി പ്രദേശത്തെ തൊഴിൽ ബാധിക്കുന്ന ചിപ്പി- ലോബ്സ്റ്റർ മത്സ്യബന്ധനം, കരമടി മത്സ്യബന്ധനം എന്നിവരുടെ സ്ഥലപരിശോധനയും, രേഖാപരിശോധനയും പൂർത്തീകരിക്കുകയും ഇവരുടെ ഒന്നാംഘട്ട റിപ്പോർട്ട് 01.03.2016 ലെ സ.ഉ(കൈ)നം. 7/2016/മതുവ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിക്കുകയും ചെയ്തു.

പ്രസ്തുത ഉത്തരവ് പ്രകാരം ടി തൊഴിലാളികൾക്ക് നഷ്ടപരിഹാരതുകയായി 23.8 കോടി രൂപ അനുവദിച്ചിട്ടുണ്ട് ഇതിൽ നിജസ്ഥിതി സ്ഥിതീകരിച്ച 185 പേരുടെ നഷ്ടപരിഹാരതുകയായി 11.7 കോടി രൂപ നാളിതുവരെ നൽകിയിട്ടുണ്ട്. ശേഷിക്കുന്നവരുടെ നിജസ്ഥിതി സംബന്ധിച്ച അന്വേഷണം LIAC സബ് കമ്മിറ്റി മുഖാന്തിരം പൂർത്തികരിച്ചുകൊണ്ടിരിക്കുന്നു. ഇതുസംബന്ധിച്ച രണ്ടാം ഘട്ടറിപ്പോർട്ടുകൾ 2016 ഒക്ടോബർ 7 ന് മുമ്പ് LIAC അപ്പീൽ കമ്മിറ്റിക്ക് സമർപ്പിക്കുന്നതാണ്. ഈ റിപ്പോർട്ടുകൾ ലഭ്യമായാൽ ഉടൻ നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്.

**റിസോർട്ട് തൊഴിലാളികളുടെ പുനരധിവാസം**

പദ്ധതി പ്രദേശത്തെ തൊഴിൽ ബാധിക്കുന്ന റിസോർട്ട് തൊഴിലാളികളെ സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് 2016 ജൂലൈ മാസം ജില്ലാ ലേബർ ഓഫീസർ സർക്കാരിന് സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ LIAC അപ്പീൽ കമ്മിറ്റി തീരുമാനിക്കുകയും ചെയ്തു. LIAC അപ്പീൽ കമ്മിറ്റി ലേബർ ഓഫീസർ നിർദ്ദേശിച്ച 12 മാസത്തെ ശമ്പളം 16 മാസമായി വർദ്ധിപ്പിക്കുവാൻ ശുപാർശ ചെയ്യുകയുണ്ടായി. ഇത് മനസ്സിലാക്കിയ റിസോർട്ട് ജീവനക്കാരുടെ പ്രതിനിധികൾ കൂടുതൽ മെച്ചപ്പെട്ട നഷ്ട പരിഹാരം ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിനെ സമീപിച്ചിരുന്നു. നഷ്ടപരിഹാര തുക നേരിയ തോതിൽ വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**സെക്ഷൻ ഓഫീസർ**